# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 28, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം

മി. സ്പീക്കർ: കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ദളിത് യുവതി കൂട്ടബലാത്സംഗത്തിനിരയാവുകയും സമാനരീതിയിലുള്ള സംഭവങ്ങൾ സമീപകാലത്ത് ആവർത്തിക്കപ്പെടുകയും സ്ത്രീകളും കുട്ടികളും നിരന്തരം

അതിക്രമങ്ങൾക്കിരയാവുകയും ചെയ്യുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്. കോഴിക്കോട് കുറ്റ്യാടിയിൽ പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിലെയും വകുപ്പുകൾ പ്രകാരം കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ നാല് പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം കോട്ടക്കര സ്വദേശിനിയെ ലൈംഗികാതിക്രമത്തിന് വിധേയമാക്കാൻ ശ്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ കസ്റ്റഡിയിലെടുത്ത് ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം വിതുരയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും

ചെയ്തതുസംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും വകുപ്പുകൾ പ്രകാരം വിതുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോട്ടക്കൽ സ്വദേശിനി പീഡനത്തിനിരയായി പ്രസവിക്കാനിടയായ സംഭവത്തിലും കോട്ടയം കുറിച്ചി സ്വദേശി ആത്മഹത്യ ചെയ്ത സംഭവത്തിലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. കോഴിക്കോട് മാനസികമായി വെല്ലുവിളി നേരിടുന്ന സ്ത്രീയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിലും ചേവായൂർ പോലീസ് സ്റ്റേഷനിലും കൊല്ലം സ്വദേശിനിയായ യുവതിയെ മയക്കമരുന്ന് കലർത്തിയ ദ്രാവകം നൽകി പീഡിപ്പിച്ച് ദൃശ്യങ്ങൾ പകർത്തിയ സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തര പ്രമേയ നോട്ടീസിൽ ഉന്നയിക്കപ്പെട്ട എല്ലാ സംഭവങ്ങളിലും പ്രതികളെ അറസ്റ്റ് ചെയ്ത് കേസ് ചാർജ് ചെയ്തിട്ടുണ്ട്. എല്ലാ പ്രതികൾക്കും നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. റോജി എം. ജോൺ: സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളും പീഡനങ്ങളും അനുദിനം വർദ്ധിച്ചു വരികയാണ്. 2021 ആഗസ്റ്റ് മാസം വരെ സംസ്ഥാനത്ത്

സ്ത്രീകൾക്കെതിരായി 9,594 അതിക്രമങ്ങൾ നടന്നിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസത്തിനിടെ കുറ്റ്യാടി, കൊല്ലം, ചേവായൂർ എന്നിവിടങ്ങളിലായി മൂന്ന് കൂട്ടമാനഭംഗങ്ങളാണ് നടന്നിട്ടുള്ളത്. മലപ്പുറം കൊണ്ടോട്ടിയിൽ 22 വയസ്സുകാരിയെ 15 വയസ്സുകാരൻ പീഡനത്തിനിരയാക്കാൻ ശ്രമിച്ച കേസിലും വണ്ടിപ്പെരിയാറിൽ 6 വയസ്സുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലും പോക്സോ കേസിലെ പെൺകുട്ടി വീണ്ടും പീഡനത്തിനിരയായ സംഭവത്തിലും സംസ്ഥാനത്തെ സ്ത്രീ-ശിശു സുരക്ഷാ സംവിധാനങ്ങളുടെ നടത്തിപ്പിലുള്ള വീഴ്ചയാണ് കാണുന്നത്. ക്രൂരമായ പീഡനത്തിനിരയായി ഭരണസംവിധാനത്തിനും നിയമപരിപാലന സംവിധാനങ്ങൾക്കും മുന്നിലേയ്ക്ക് നീതിതേടിയെത്തുന്ന കുഞ്ഞുങ്ങളെപ്പോലും തുടരാക്രമണങ്ങളിൽ നിന്നും സുരക്ഷിതരാക്കാൻ കഴിയുന്നില്ലെങ്കിൽ ഇതിനായി പ്രവർത്തിക്കുന്ന കമ്മിറ്റികളെ പിരിച്ചുവിടുകയോ ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യണം. സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന സ്ത്രീപീഡനങ്ങളിലെ ഇരകൾക്ക് നീതികിട്ടാനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും അതിക്രമങ്ങൾക്ക് തടയിടാൻ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാതിരിക്കാനുമുള്ള കടുത്ത നടപടികൾ സ്വീകരിക്കണം. ഇത്തരം സംഭവങ്ങളിൽ ആഭ്യന്തര വകുപ്പിന്റെയും നിയമ വകുപ്പിന്റെയും

ഭാഗത്തുനിന്ന് കുറ്റകരമായ അനാസ്ഥയാണുണ്ടാകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഓരോ പോലീസ് ജില്ലകളിലും പ്രത്യേകം പരിശീലനം ലഭിച്ച സ്പെഷ്യൽ ടീമിനെ രൂപീകരിച്ച് കൃത്യമായ അന്വേഷണം നടത്തി കുറ്റപത്രം സമയബന്ധിതമായി സമർപ്പിക്കുന്നതിനായി പ്രത്യേക കോടതികൾ രൂപീകരിച്ച് പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇവിടെ ഉന്നയിച്ച സംഭവങ്ങളിൽ ഇടപെടുന്നതിൽ സർക്കാർ സംവിധാനത്തിന് വീഴ്ച പറ്റിയിട്ടില്ല. സമൂഹത്തിൽ സംഭവിക്കാൻ പാടില്ലാത്ത ഇത്തരം കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ നേരിടാൻ പല തരത്തിലുള്ള സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന്റെ ഭാഗമായി പീഡനത്തിനിരയായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതോടൊപ്പം കേസന്വേഷണം അവസാനിക്കുന്നതുവരെ പോലീസ് ഉദ്യോഗസ്ഥരെ മാറ്റാതെ നിയമപരമായ പരിശീലനവും

അവഗാഹവും നൽകാനാണ് ഉദ്ദേശിക്കുന്നത്. കുറ്റകൃത്യങ്ങൾ നേരിടുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാവുകയില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) മത്സ്യബന്ധന മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പുതിയ മത്സ്യബന്ധന നിയമവും ബ്ലൂ ഇക്കോണമി രേഖകളും കടലിന്റെ ആവാസ വ്യവസ്ഥയെ തകർക്കുന്നതും മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും ദുരിതത്തിലാക്കുന്നതും സംസ്ഥാനങ്ങളുടെ അവകാശങ്ങളെയും ഫെഡറൽ സംവിധാനത്തെയും വെല്ലുവിളിക്കുന്നതുമാണ്. വ്യാപകമായ ആഴക്കടൽ ഖനനം മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ ബാധിക്കും. പുതിയ

നിയമത്തിലെ യാനങ്ങൾ സംബന്ധിച്ച നിർവ്വചനത്തിൽ മത്സ്യക്കപ്പലുകളെ ഉൾപ്പെടുത്തിയിരിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും മാത്രമായി യാനങ്ങളുടെ ഉടമസ്ഥാവകാശം, നിലനിർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിനെതിരാണ്. കേന്ദ്രസർക്കാരിന്റെ ലൈസൻസ് ലഭിക്കണമെങ്കിൽ അവർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് യാനങ്ങളിൽ പുനഃക്രമീകരണങ്ങൾ നടത്തുകയോ വൻതുക പിഴ നൽകുകയോ വേണം. ഇത്തരം നയങ്ങളിൽനിന്ന് കേന്ദ്രഗവൺമെന്റ് പിന്മാറണമെന്ന് ആവശ്യപ്പെടുകയും തീരദേശ സംസ്ഥാനങ്ങളുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്താൻ തയ്യാറാകുകയും വേണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ബ്ലൂ ഇക്കോണമി രേഖകളും പുതിയ മത്സ്യബന്ധന ബില്ലും സംബന്ധിച്ച കേരളത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും മത്സ്യമേഖലയ്ക്ക് ഹാനികരമായ നിർദ്ദേശങ്ങൾ അവലോകനം ചെയ്ത് ചർച്ചയ്ക്ക് വിധേയമാക്കുന്നതുവരെ ബ്ലൂ ഇക്കോണമി നയം നടപ്പാക്കുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും

ചെയ്തിട്ടുണ്ട്. ടെറിട്ടോറിയൽ പ്രദേശങ്ങളിലെ വികസനപരിപാലന പ്ലാൻ രൂപീകരണം, മറൈൻ ഫിഷറീസ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗം, 12 നോട്ടിക്കൽ മൈലിനകത്തുള്ള വികസന പ്രവർത്തനങ്ങൾ, മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാരിന് അധികാരം നൽകുക, മത്സ്യത്തൊഴിലാളികളുൾപ്പെടുന്ന മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രത്യേക വിഭാഗമായി പരിഗണിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ദേശീയ മത്സ്യബന്ധന ബില്ലിന്റെ അന്തിമകരടിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും പല ഘട്ടങ്ങളിലായി 103-ഓളം ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലിന്റെ പരിധി EEZ മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തുക, മത്സ്യസമ്പത്ത് സംരക്ഷണം, പരമ്പരാഗത-യന്ത്രവൽകൃത ഫിഷിംഗ് സംവിധാനങ്ങളുടെ നിർവചനം, മൾട്ടിപ്പിൾ ലൈസൻസ് സിസ്റ്റം ഒഴിവാക്കൽ, അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറെ നിയോഗിക്കൽ തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ ബില്ലിന്റെ അന്തിമ കരടിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായും മറ്റും ചർച്ച ചെയ്ത് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിനെ

അറിയിക്കുന്നതാണ്.

(2) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം നൽകിയ ഭൂമിയുടെ വിനിയോഗം

ഡോ. മാത്യു കുഴൽനാടൻ: ഇടുക്കി ജില്ലയിൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമി യഥാവിധി ഉപയോഗിക്കാൻ കഴിയാത്തവിധം ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളിലും കോടതി ഉത്തരവിന്റെ മറവിൽ മൂന്നാറിൽനിന്ന് 100 കിലോമീറ്റർ അകലെയുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളിലും ഇളവ് വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കെ.ഡി.എച്ച്., പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തുവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ വില്ലേജുകളടങ്ങുന്ന മൂന്നാർ പ്രദേശത്ത് കൃഷി ആവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ കോടതി നിർദ്ദേശത്തെത്തുടർന്ന് ഇടുക്കി ജില്ലാകളക്ടറുടെ സർക്കുലർപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കുകയും കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി ഏതാവശ്യത്തിനാണ് പതിച്ച് നൽകിയതെന്ന് വ്യക്തമാക്കണമെന്ന്

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ പ്രദേശത്ത് എൻ.ഒ.സി. ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനും ക്രമവൽക്കരിക്കാൻ കഴിയാത്തതും ഭൂപതിവ് ചട്ടങ്ങളുടെ ലംഘനങ്ങൾ നടത്തിയിട്ടുള്ളതുമായ ഭൂമിയുടെ പാട്ടം റദ്ദാക്കി ഏറ്റെടുക്കുന്നതിനും കെട്ടിടങ്ങൾ പാട്ടവ്യവസ്ഥയിൽ നൽകാനും തീരുമാനിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനാവശ്യമായ പട്ടയ ചട്ട ഭേദഗതി നടത്തുന്ന കാര്യം പരിഗണനയിലാണ്.

## III. സബ്മിഷൻ

### (1) വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി

ശ്രീ. എം. വിൻസെന്റ്: വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്നതിന് പ്രാധാന്യം നൽകുന്നതിനാൽ വിഴിഞ്ഞം കേന്ദ്രീകരിച്ച് കോടതി ആരംഭിക്കുന്ന കാര്യം

പരിഗണിക്കാൻ സാധിക്കില്ല.

## (2) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം

ഡോ. എം. കെ. മുനീർ: ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ കണ്ടന്റ് റൈറ്റേഴ്സ്/സ്പെഷ്യൽ കോ-ഓർഡിനേറ്റർമാർക്ക് പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എഴുത്തുകാർ സർവ്വകലാശാലയിൽ ഒരുമിച്ചിരുന്ന് ഉള്ളടക്കം വികസിപ്പിക്കുന്ന രീതിശാസ്ത്രം പ്രയോഗിച്ചുകൊണ്ടാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കണ്ടന്റ് റൈറ്റിംഗ് ആരംഭിച്ചത്. ലോക്ഡൗൺ കാലയളവിൽ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടന്റ് റൈറ്റിംഗ് അവസാനിപ്പിക്കുകയും സർവ്വകലാശാലാ നിബന്ധനകൾ-ക്കനുസരിച്ച് എഴുതി സമർപ്പിക്കുന്ന പാഠഭാഗത്തിന് പ്രതിഫലം നൽകുന്ന രീതിയിലേയ്ക്ക് മാറുകയും വീട്ടിലിരുന്ന് എഴുതാൻ താൽപ്പര്യമുള്ളവർക്ക് തുടരാനുള്ള അനുമതി നൽകുകയും ചെയ്തു. എഴുതിത്തീർത്ത ഭാഗങ്ങൾ അവലോകനം ചെയ്ത് സർവ്വകലാശാലയുടെ ഗുണപരമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി എഴുത്തുകാർ, കോ-ഓർഡിനേറ്റർ, പ്രോഗ്രാം സ്പെസിഫിക് കോ-ഓർഡിനേറ്റർ എന്നിവർക്ക് പ്രതിഫലം

നൽകുന്ന പ്രക്രിയ നടന്നുവരികയാണ്.

(3) ഭവന നിർമ്മാണം നടത്താൻ കഴിയാത്ത പദ്ധതി ഗുണഭോക്താക്കളുടെ പലിശ ഒഴിവാക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: പി.എം.എ.വൈ., ലൈഫ് മിഷൻ ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം നടത്താൻ കഴിയാത്തവരിൽനിന്നും പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഭവന നിർമ്മാണ ധനസഹായം അനർഹർ കൈപ്പറ്റാതിരിക്കാനും വാസഗൃഹം ലഭ്യമായശേഷം വീണ്ടും ഭവന രഹിതരാകുന്ന സാഹചര്യം ഒഴിവാക്കാനുമായി അപ്രകാരമുള്ള വീടും സ്ഥലവും നിശ്ചിതകാലത്തേയ്ക്ക് വിൽക്കാനോ കൈമാറാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ധനസഹായം കൈപ്പറ്റിയശേഷം വീടില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിനും സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് തടയാനുമായി കൈപ്പറ്റിയ തുകയ്ക്ക് 12 ശതമാനം പലിശയുൾപ്പെടെ തിരിച്ചടച്ചാൽ വസ്തുക്കൾ വിൽക്കാനോ കൈമാറാനോ അനുവദിക്കുന്നതാണ്.

(4) പ്രളയ നഷ്ടപരിഹാരം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളി, മണിമല, വെള്ളാവൂർ പ്രദേശങ്ങളിൽ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭങ്ങളിലുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്ക് അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. 9 ജില്ലകൾക്ക് അടിയന്തര സഹായമായി 13 കോടി 35 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. നാശനഷ്ടങ്ങൾക്ക് മാനദണ്ഡപ്രകാരമുള്ള തുക അടിയന്തരമായി നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അദാലത്ത് നടത്തി അവ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(5) പഴശ്ശിസാഗർ മിനി ജലവൈദ്യുത പദ്ധതി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പഴശ്ശിസാഗർ മിനി ജലവൈദ്യുത പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പഴശ്ശി സാഗർ ചെറുകിട ജലസേചന പദ്ധതിക്ക് 113.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും ടി സ്ഥലം സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുമാണ്.

(6) റെയിൽവേ സമാന്തര റോഡ്

ശ്രീ. പി. സി. വിഷ്ണുനാഥ്: കേരളപുരം-ചന്ദനത്തോപ്പ് റെയിൽവേ സമാന്തര റോഡ് നിർമ്മാണ പ്രവൃത്തികൾ പുനാരാരംഭിച്ച് സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേരളപുരം-ചന്ദനത്തോപ്പ് റെയിൽവേ റോഡ് പ്രവൃത്തി റെയിൽവേ അധികൃതരുടെ അനുമതി തേടി റീടെണ്ടർ ചെയ്ത വർക്കിൽ കരാറുകാരന്റെ ഭാഗത്ത് കാലതാമസമുണ്ടായതായി കാണുന്നതിനാൽ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പ്രവൃത്തി

അടിയന്തരമായി ആരംഭിക്കുന്നതാണ്.

(7) മുടപ്പല്ലൂർ-മംഗലം ഡാം റോഡ് പുനരുദ്ധാരണം

ശ്രീ. കെ. ഡി. പ്രസേനൻ: മുടപ്പല്ലൂർ-മംഗലം ഡാം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നവീകരിക്കുന്നതിന് 8 കോടിയോളം രൂപയുടെ പദ്ധതി മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുള്ളതും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(8) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

ശ്രീ. എ. എൻ. ഷംസീർ: മലബാർ കാൻസർ സെന്ററിന് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കുപുറമെ ഔട്ട് ഓഫ് പാക്കേജായി സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മലബാർ കാൻസർ സെന്ററിൽ ചികിത്സ തേടിയെത്തുന്ന അർഹരായ രോഗികൾക്ക് വിവിധ സർക്കാർ സാമ്പത്തിക സഹായ

പദ്ധതികൾവഴി സൗജന്യ ചികിത്സാ സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. മലബാർ കാൻസർ സെന്ററുൾപ്പെടെ മൂന്ന് കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ഏകീകൃത സർജിക്കൽ നിരക്ക് നിശ്ചയിച്ച് സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് മലബാർ കാൻസർ സെന്ററുൾപ്പെടെയുള്ള കാൻസർ ചികിത്സാ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം 'കാസ്പ് ഔട്ട് ഓഫ് പാക്കേജ് ആയി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(9) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാ ആശുപത്രിയിൽ വിവിധ സ്പെഷ്യാലിറ്റി സംവിധാനങ്ങളും കീമോതെറാപ്പിയടക്കമുള്ള കാൻസർ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കാൻസർ ചികിത്സാ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 52.85 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. നിർമ്മാണ പ്രവൃത്തികൾ

പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേക കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നതുസംബന്ധിച്ച് സംസ്ഥാന കാൻസർ കൺട്രോൾ ബോർഡിന്റെ അഭിപ്രായം ആരാഞ്ഞശേഷം നിലവിലെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(10) <u>തുരുത്തി ഇൻഡോർ സ്റ്റേഡിയം</u>

<u>ശ്രീ. കെ. വി. സുമേഷ്</u> : പാപ്പിനിശ്ശേരി തുരുത്തിയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): പാപ്പിനിശ്ശേരി പഞ്ചായത്തിലെ തുരുത്തിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും കായിക എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് പ്രാഥമിക പരിശോധന നടത്തി പ്രസ്തുത സ്ഥലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും കണ്ണൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വിഭാഗം മണ്ണ് പരിശോധനാ സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക്

പദ്ധതി നടപ്പിലാക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. നിയമനിർമ്മാണ കാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ
(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങൾ

അന്തർ സർവ്വകലാശാലാ കൂടിയാലോചനാ സമിതി മുഖേന പരിഗണിക്കാനാണ് സർവ്വകലാശാലകളിൽ പ്രസ്തുത സമിതി രൂപീകരിക്കുന്നത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെയും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ അഡ്വാൻസ്ഡ് സ്റ്റഡീസിലെയും വൈസ് ചാൻസലർമാരെ അന്തർസർവ്വകലാശാലാ കൂടിയാലോചനാ സമിതിയിൽ അംഗങ്ങളാക്കാനുള്ള ഭേദഗതി വിഷയ നിർണ്ണയ സമിതി അംഗീകരിച്ചിട്ടുണ്ട്.

## VI. ക്രമപ്രശ്നം

ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർവ്വകലാശാലാ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ നൽകിയ 600-ലധികം ഭേദഗതികൾ സമയം വൈകിയെന്ന കാരണത്താൽ മാറ്റിവച്ചത് പ്രതിപക്ഷാംഗങ്ങളുടെ അവകാശം ഹനിക്കുന്ന നടപടിയാണ്. ബില്ലിന്റെ നിയമനിർമ്മാണ നടപടികളുമായി സഹകരിക്കണമെങ്കിൽ പ്രതിപക്ഷാംഗങ്ങളുടെ ഭേദഗതികൾകൂടി പരിഗണിക്കണം.

**റൂളിംഗ്**

മി. സ്പീക്കർ: പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മൂന്ന് ദിവസത്തെ സമ്മേളനം വെട്ടിച്ചുരുക്കിയതിനാലും അന്നേ ദിവസത്തേയ്ക്ക് നിശ്ചയിച്ചിരുന്ന ബിസിനസ്സുകൾ മറ്റൊരു ദിവസത്തേയ്ക്ക് ക്രമീകരിക്കേണ്ടി വന്നതിനാലുമാണ് ഭേദഗതികൾ സമർപ്പിക്കേണ്ട സമയക്രമത്തിൽ മാറ്റംവരുത്തിയത്. ഭേദഗതികൾ സമർപ്പിക്കാനുള്ള സമയപരിധി 26-10-2021-ന് ഉച്ചയ്ക്ക് 2.00 മണി വരെയായിരുന്നെങ്കിലും വൈകിട്ട് 4.00 മണി വരെ ലഭിച്ച ഭേദഗതികൾ സ്വീകരിച്ചിട്ടുണ്ട്. 5.00 മണിക്കുശേഷം ലഭിച്ച ഭേദഗതികൾ സ്വീകരിച്ച് ലിസ്റ്റാക്കാൻ സമയം അനുവദിക്കാത്തതിനാൽ ചെയറിന്റെ നിർദ്ദേശാനുസരണമാണ് ഒഴിവാക്കിയിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രതിപക്ഷാംഗങ്ങളുടെ ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ബില്ലിന്റെ പരിഗണന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുകയോ ചെയ്യണം.

മി. സ്പീക്കർ: ഇനിയും സമ്മേളനം ക്രമീകരിക്കുന്നതിനുള്ള സമയമില്ലാത്തതിനാൽ ബിൽ മാറ്റിവയ്ക്കുന്നത് അപ്രായോഗികമാണ്.

(ഭേദഗതികൾ ലിസ്റ്റിലുൾപ്പെടുത്താത്തതിൽ പ്രതിഷേധിച്ച് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല

നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവയുടെ നിയമനിർമ്മാണ നടപടികൾ പ്രതിപക്ഷം ബഹിഷ്കരിച്ചു)

വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പ്രേംകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിൽ മികവ് നേടി ആഗോള സർവ്വകലാശാല റേറ്റിംഗിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ മുൻപന്തിയിലെത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങളാരംഭിക്കുന്നതും വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തിയതും പശ്ചാത്തല സൗകര്യ വികസനത്തിന് തുക വകയിരുത്തിയതും അഫിലിയേറ്റഡ് കോളേജുകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതന കോഴ്സുകൾ അനുവദിക്കുകയും SACSCOC, NAAC അക്രെഡിറ്റേഷനിലൂടെ എല്ലാ സ്ഥാപനങ്ങളെയും ഉയർന്ന

റാങ്കിംഗിൽ കൊണ്ടുവരികയും വേണം. വിദ്യാർത്ഥികളിൽ തൊഴിൽശേഷിയും സാമൂഹ്യ ഉത്തരവാദിത്വവും വളർത്തുന്നതിന് ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാപ്തമാക്കുകയും എല്ലാ സർവ്വകലാശാലകളെയും വ്യവസായശാലകളുമായും തദ്ദേശ വികസന പ്രവർത്തനങ്ങളുമായും ബന്ധിപ്പിക്കുകയും വേണം. ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രവേശന-മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ സജ്ജമാക്കണം. ഭാഷാനിപുണതയിലെ കുറവ് പരിഹരിക്കപ്പെടത്തക്കവിധത്തിൽ പാഠ്യപദ്ധതി ക്രമപ്പെടുത്തുകയും കോളേജുകളിൽ മികച്ച ലൈബ്രറികൾ ഒരുക്കുകയും വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ സർവ്വകലാശാലയുടെ സെനറ്റിലെ അംഗസംഖ്യ ക്രോഡീകരിച്ചുകൊണ്ട് വിദ്യാർത്ഥികളെയും എക്സ്പെർട്ടുകളെയും ഉൾപ്പെടുത്തി സിൻഡിക്കേറ്റ് രൂപീകരിക്കണം. NAAC അക്രെഡിറ്റേഷൻ ലഭിച്ചതിനുശേഷം കോളേജുകളുടെ കരിക്കുലത്തിലെയും പരീക്ഷാ

നടത്തിപ്പിലെയും പരിമിതികൾ പരിഹരിക്കപ്പെടണം. ഡീംഡ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. കോളേജ് അദ്ധ്യാപകരുടെ നിലവാരം സിവിൽ സർവ്വീസ് തലത്തിലേയ്ക്ക് ഉയർ<u>ത്തു</u>ന്നതോടൊപ്പം പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് അനുവദിക്കുന്ന സ്പെഷ്യൽ ഗ്രാന്റ് പ്രയോജനപ്പെടു<u>ത്തു</u>ന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുരോഗമനാധിഷ്ഠിതമായ കരിക്കുലത്തിന് നേതൃത്വം കൊടുക്കാൻ ഈ ബില്ലിലൂടെ സിൻഡിക്കേറ്റിനും അക്കാദമിക് കൗൺസിലിനും സാധിക്കണം. ഓട്ടോണമസ് കോളേജുകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും കരിക്കുലം ഡിസൈൻ ചെയ്യുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് പൂർണ്ണമായ അവബോധം വേണം. ആരോഗ്യസർവ്വകലാശാലയുടെ പ്രവർത്തനം സുഗമമാകാൻ അക്കാദമിക്കുകളും പ്രൊഫഷണലുകളും വിദ്യാർത്ഥി പ്രതിനിധികളും ഉൾക്കൊള്ളുന്ന സിൻഡിക്കേറ്റ് രൂപീകരിക്കണം.

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം

<u>ഡോ. കെ. ടി. ജലീൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യു.ജി.സി. റെഗുലേഷൻസിന് വിരുദ്ധമാകാതെ അക്കാദമിക് സ്റ്റാൻഡേർഡ് നിലനിർത്തുന്ന കാര്യത്തിലുൾപ്പെടെ ഓട്ടോണമസ് കോളേജുകളെ നിയന്ത്രിച്ചുകൊണ്ടുതന്നെ നിയമങ്ങൾ കൊണ്ടുവരുന്നതിനാണ് പുതിയ നിയമഭേദഗതി കൊണ്ടുവന്നത്. 2014-ലെ ഭേദഗതിയിൽ സർക്കാരിനും യൂണിവേഴ്സിറ്റികൾക്കും സ്വയംഭരണ കോളേജുകൾക്കുമേൽ അനിയന്ത്രിത നിയന്ത്രണങ്ങളുണ്ടെന്ന വിമർശനമുണ്ടായതിനെത്തുടർന്ന് 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം കൊടുത്തതിലൂടെ സ്വയംഭരണ കോളേജുകളിന്മേലുണ്ടായിരുന്ന നിയന്ത്രണത്തിന് പരിധി നിശ്ചയിക്കപ്പെട്ടു. യൂണിവേഴ്സിറ്റികൾക്കും സർക്കാരിനുമെതിരായി ഓട്ടോണമസ് കോളേജുകൾ കോടതിയെ സമീപിച്ച സാഹചര്യം ഭാവിയിലുണ്ടാകാതിരിക്കാനാണ് ഇത്തരത്തിലൊരു നിയമഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സ്വയംഭരണ കോളേജുകളുടെ അക്കാദമിക്ക് നിലവാരം ഉറപ്പാക്കാൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാർത്ഥി പരാതി പരിഹാര സെല്ലും രൂപീകരിക്കാനും കോളേജിലെ രണ്ട് അദ്ധ്യാപകരെ തെരഞ്ഞെടുപ്പിലൂടെ അക്കാദമിക് സമിതിയിൽ

ഉൾപ്പെടുത്താനുള്ള വ്യവസ്ഥകളും നിയമത്തിലുണ്ട്. സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് സ്ഥാനക്കയറ്റം നൽകുന്നതിനുപകരം അതേ സ്ഥാപനത്തിലെ അദ്ധ്യാപകരിൽനിന്നും യോഗ്യരായവരെ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്വയംഭരണ കോളേജുകളുടെ ഗവേണിംഗ് ബോഡിയിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രതിനിധി, കോളേജ് അദ്ധ്യാപകർ തെരഞ്ഞെടുക്കുന്ന പ്രതിനിധി, വിദ്യാർത്ഥി യൂണിയൻ ചെയർമാൻ എന്നിവരെ ഉൾപ്പെടുത്താനും കോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിനായി വൈസ്-ചാൻസലർ അദ്ധ്യക്ഷനായ പരാതി പരിഹാര സമിതി രൂപീകരിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-വൈസ് ചാൻസലറാകുന്ന എല്ലാ യൂണിവേഴ്സിറ്റികൾക്കും ബാധകമാകുന്ന തരത്തിൽ റിട്ടയേർഡ് ജഡ്ജി തലവനായ ഒരു യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ പുതിയ ഭേദഗതിയിലൂടെ നിലവിൽ വരികയാണ്. സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് ഒരോ സ്വയംഭരണ കോളേജിലും കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ കോളേജിന് സ്വയംഭരണാവകാശം ലഭിക്കുകയുള്ളൂവെന്നും

സ്ത്രീകൾക്കെതിരെ അതിക്രമം നടന്നാൽ ഓട്ടോണമി പദവി പിൻവലിക്കുമെന്നും പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു. പുതിയ നിയമമനുസരിച്ച് ഗവൺമെന്റ്/എയ്ഡഡ്/ഓട്ടോണമസ് കോളേജുകളിൽ അദ്ധ്യാപകരുടെ സ്ഥിരനിയമനം നടത്തണമെങ്കിൽ ഒരദ്ധ്യാപകന് 16 മണിക്കൂർ അദ്ധ്യാപനം ആവശ്യമാണ്.

ശ്രീമതി കാനത്തിൽ ജമീല: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബിരുദാനന്തര പ്രവേശനവും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തിയതും പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞതും ബിരുദ-ബിരുദാനന്തരതലങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞതും പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിച്ചതോടൊപ്പം പ്ലസ്ടു വിജയികൾക്ക് ലാറ്ററൽ എൻട്രി വഴി പോളിടെക്നിക് കോളേജുകളിൽ പ്രവേശനത്തിന് അവസരം നൽകിയതും പ്രശംസനീയമാണ്. സർവ്വകലാശാലകളിലും ആർട്സ് & സയൻസ് കോളേജുകളിലും എഞ്ചിനീയറിംഗ്-പോളിടെക്നിക് കോളേജുകളിലുമായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും

സർവ്വകലാശാലകളുടെയും കോളേജുകളുടെയും ലൈബ്രറികളുടെയും അടിസ്ഥാന സൗകര്യവികസനമൊരുക്കാനും സർവ്വകലാശാലകൾ നൽകിവരുന്ന സേവനങ്ങളും പ്രവേശന പരിശീലനങ്ങളും ഓൺലൈനാക്കാനും സാധിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇന്റേൺഷിപ്പ് അവസരം, ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ ലഭ്യമാക്കിയത് അഭിനന്ദനാർഹമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): യു.ജി.സി. റെഗുലേഷനുകളിലെ മാനദണ്ഡങ്ങൾക്കുവിധേയമായും മുൻകാല പ്രായോഗിക അനുഭവങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നത്. സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ കോളേജുകൾ കൂടുതലുള്ള സംസ്ഥാനത്ത് സർവ്വതന്ത്ര സ്വതന്ത്രമായുള്ള അവകാശവാദങ്ങൾക്ക് നിലനിൽപ്പില്ല. സ്വയംഭരണ കോളേജുകളാകുന്ന എയ്ഡഡ് കോളേജുകൾ വ്യത്യസ്തമായ നിയമനരീതി സ്വീകരിക്കുന്നത് ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുമെന്നതിനാൽ അംഗീകരിക്കാൻ കഴിയില്ല. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് പരാതി പരിഹാര സംവിധാനങ്ങൾ കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് വലിയ രീതിയിലുള്ള മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കോളേജുകളുടെ പരീക്ഷാ നടത്തിപ്പ്, ഇന്റേണൽ അസെസ്സ്മെന്റ്, കരിക്കുലം തുടങ്ങിയ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടത് അനിവാര്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ പരിഷ്കരണങ്ങൾക്ക് ഈ നിയമനിർമ്മാണം സഹായകമാകും. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

119, 121, 122, 123, 124, 125, 127, 128, 129, 140, 141, 142, 160, 162, 168, 172, 175, 177, 179, 191, 192, 193, 201, 207, 209, 210, 212, 215, 251, 257, 258, 259, 267, 272, 285, 286, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

133. In section 65(3) proposed to be substituted in the Kerala University Act, 1974 by Clause 2(d), for the word " nomination" the word " appointment" shall be substituted.

135. In section 65(8) proposed to be substituted in the Kerala University Act, 1974 by Clause 2(d), after the word " not" the symbol " ," shall be inserted.

281. In section 69M(8) proposed to be substituted in the Kerala University Act, 1974 by Clause 2(s) for the word " their" the word " its" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി അവതരിപ്പിച്ചു.

219. In the second proviso to section 69 J proposed to be substituted in the Kerala University Act 1974, by Clause 2(o) for the word " termination " the words " the date he ceases to hold " shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

175. In Section 69(G)(1)(b) proposed to be substituted in the Kerala University Act, 1974 by Clause 2(l) shall be recast as follows: " (b) One of the Faculty members teaching the course of the programme concerned nominated by the chairman;"

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

193. In section 69 H(i) proposed to be substituted in the Kerala University Act, 1974 by Clause 2(m)(i), for the word " objects" the word " objectives" shall be substituted.

201. Section 69 H (viii) proposed to be inserted in the Kerala University Act, 1974 by Clause 2 (m) (iii) shall be recast as follows :
" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic council of the college for the consideration and approval."

212. In section 69 I(4)(b) proposed to be substituted in the Kerala University Act 1974, by Clause 2(n)(iv) shall be recast as follows:
" (b) four renowned academicians nominated by the Educational Agency;"

286. In section 69 OA(3) proposed to be substituted in the Kerala University Act 1974, by Clause 2(u) for the words " members in the" the words " members of the " shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

311, 315, 316, 320, 321, 322, 323, 326, 327, 328, 330, 332, 334, 337, 340, 342, 344, 355, 358, 359, 362, 364, 366, 367, 368, 369, 370, 373, 374, 375, 381, 382, 383, 384, 390, 391, 393, 394, 395, 396, 400, 403 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

360. Section 68I (viii) proposed to be inserted in the Calicut University Act, 1975, by clause 3(m) (iii) shall be recast as follows

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval" .

397. In section 68 PA(3) proposed to be inserted in the Calicut University Act, 1975 by Clause 3(u), for the words " members in the" the words " members of the" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗികമായി അവതരിപ്പിച്ചു.

372. In the second proviso to section 68 K proposed to be substituted in the Calicut University Act, 1975 by clause 3(o) for the word " termination " the words " the date he ceases to hold" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

340. Section 68H(1)(b) proposed to be substituted in the Calicut University Act, 1975 by Clause 3(l) shall be recast as follows:

" (b) one of the Faculty members teaching the course of the programme concerned nominated by the Chairman;"

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

355. In Section 68I (I) proposed to be substituted in the Calicut University Act, 1975, by clause 3(m)(i) for the words " objects" the word ' objectives' shall be substituted.

369. Section 68J(4)(b) proposed to be substituted in the Calicut University Act, 1975 by clause 3(n)(iv), shall be recast as follows:

" (b) Four renowned academicians nominated by the Educational Agency;"

395. In section 68 N(8) proposed to be substituted in the Calicut University Act, 1975 by Clause 3(s), for the word " their" the word " its" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

405, 407, 413, 415, 418, 419, 420, 421, 422, 423, 427, 429, 430, 432, 433, 434, 436, 438, 444, 447, 448, 449, 451, 453, 454, 455, 456, 457, 458, 460, 461, 462, 464, 465, 467, 468, 471, 473, 474, 478, 481, 482, 484, 485, 488 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

445. In section 110(i) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(m)(i) for the word " objects" the word " objectives" shall be substituted.

480. In section 115 (8) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(s), for the word " their" the word " its" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടുകൂടി സ്വീകരിച്ചു.

434. Section 109(1)(b) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) shall be recast as follows

" (b) One of the Faculty members teaching the course of the programme concerned nominated by the Chairman;"

460. In the second proviso to section 112 proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(o), for the word " termination" the words " the date he ceases to hold" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

449. Section 110(viii) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(m)(iii) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval"

457. Section 111(4)(b) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n)(iv), shall be recast as follows:

" (b) Four renowned academicians nominated by the Educational Agency;" .

482. In section 117 A(3) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(u), for the preposition " in" occurring in between the words " members" and " the" the preposition " of" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

498, 499, 501, 503, 505, 506, 507, 508, 509, 510, 513, 516, 518, 519, 522, 524, 528, 529, 530, 532, 533, 534, 538, 539, 540, 541, 548, 551, 552, 553, 555, 556, 557, 559, 562, 563, 564, 565, 568, 569, 572 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗികമായി അവതരിപ്പിച്ചു.

520. Section 74G(1)(b) proposed to be substituted in the Kannur University Act, 1996 by Clause 6(l) shall be recast as follows:

" (b) On of the Faculty members teaching the course of the programme concerned nominated by the Chairman;"

545. In the second proviso to section 74 J proposed to be substituted in the Kannur University Act 1996, by Clause 6(o) for the word " termination of" the words " the date he ceases to

hold" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

542. Section 74I(4)(b) proposed to be substituted in the Kannur University Act, 1996, by Clause 6(n)(iv), shall be recast as follows:

" (b) Four renowned academicians nominated by the Educational Agency;"

566. In section 74 OA (3) proposed to be inserted in the Kannur University Act, 1996 by Clause 6(u) for the words " members in the" the word " members of the" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

530. In section 74 H(i) proposed to be substituted in the Kannur University Act of 1996 by clause 6(m) for the word " objects" the word " objectives" shall be substituted.

534. Section 74 H(viii) proposed to be substituted in the Kannur University Act of 1996 by clause 6(m) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval."

564. In section 74 M (8) proposed to be substituted in the Kannur University Act, 1996 by Clause 6 (s) for the word " their" the word " its" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

573-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

180, 198, 204 , 218, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

166. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം 3(10 എ)-ൽ "പ്രകാരമുള്ള" എന്നതിനുപകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

180. ഖണ്ഡം 2 (സി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ(1)(ഡി)-ൽ, "സെക്രട്ടറി" എന്നതിനുശേഷം "-അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യാഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

247, 265, 267, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

238. ഖണ്ഡം 3(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം വകുപ്പിലെ (ജെഎ)-ഖണ്ഡത്തിൽ "പ്രകാരമുള്ള" എന്നതിനുപകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

247. (i)ഖണ്ഡം 3(സി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ(1) (ഡി)-ൽ "ചുമതലയുള്ള" എന്ന വാക്കിനു ശേഷം വരുന്ന "-" എന്ന ചിഹ്നം ഒഴിവാക്കുക.

(ii)"സെക്രട്ടറി." എന്നതിന് ശേഷമുള്ള "." ചിഹ്നം ഒഴിവാക്കി "-അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

301, 302, 305, 310, 311, 324, 325, 339, 340, 346, 352, 363, 368, 370, 391, 397, 398, 404, 406, 421, 424, 427, 436, 438, 443, 444, 450, 451, 461, 464, 474, 481, 482 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

316. ഖണ്ഡം 4(എ)(iii) പ്രകാരം 2015– ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വിഎ)-ൽ "വകുപ്പു" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

317. ഖണ്ഡം 4(എ)(iii) പ്രകാരം 2015– ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വിഎ)-ൽ "പ്രകാരമുള്ള" എന്നതിന് പകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

384. ഖണ്ഡം 4(ജെ)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ വകുപ്പ് 23(1)-ൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (iii)-ൽ "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

385. ഖണ്ഡം 4(ജെ)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ വകുപ്പ് 23(1)-ൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (iii)-ൽ "രണ്ടു" എന്ന് വരുന്നിടത്തെല്ലാം "രണ്ട്" എന്ന് ചേർക്കുക.

466. ഖണ്ഡം 4(എൻ) പ്രകാരം 2015- ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(3)-ൽ "അംഗങ്ങളുടെ" എന്നതിനുശേഷം "എണ്ണത്തിന്റെ" എന്ന് ചേർക്കുക.

473. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(4)-ൽ "തീരുന്നതുമാണ്" എന്നതിനുപകരം "അവസാനിക്കുന്നതുമാണ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി അവതരിപ്പിച്ചു.

452. ഖണ്ഡം 4(എൻ) പ്രകാരം 2015 -ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)(vii)-ൽ "അദ്ധ്യാപകർ" എന്ന വാക്കിനുശേഷം "അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ടയാളും ആയിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

301. ഖണ്ഡം 4-ൽ മാർജിനൽ ശീർഷകത്തിനു ശേഷം വരുന്ന " സർവ്വകാലാശാല" എന്നതിനുപകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

368. ഖണ്ഡം 4(എഫ്)(iii) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(5)-ൽ "വ്യവസ്ഥകൾക്കു" എന്നതിനുപകരം "വ്യവസ്ഥകൾക്ക്" എന്ന് ചേർക്കുക.

404. ഖണ്ഡം 4(കെ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ (1)(ഡി)-ൽ "ചുമതലയുള്ള" എന്ന വാക്കിന് ശേഷം "-"

എന്ന ചിഹ്നം ഒഴിവാക്കുകയും "ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കിന് ശേഷമുള്ള "." എന്ന ചിഹ്നം ഒഴിവാക്കുകയും "-അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുകയും ചെയ്യുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരായി.)

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലും 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലും 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

## VI. ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഖണ്ഡം 7, 9, 11 എന്നിവ പ്രകാരം രൂപീകൃതമാകുന്ന സൊസൈറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാച്ചെലവ് തുടങ്ങിയവയ്ക്കുള്ള പ്രതീക്ഷിത ചെലവ് ആവർത്തക/അനാവർത്തക ചെലവുകളായി

വ്യക്തമാക്കുന്നില്ല. സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ഉണ്ടാകാവുന്ന അധികചെലവ് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാത്തത് ചട്ടലംഘനമായതിനാൽ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): വിജ്ഞാപനങ്ങൾവഴി രൂപീകരിക്കുന്ന ചില സമിതികളിലെ അംഗങ്ങളുടെ യാത്രാച്ചെലവും സിറ്റിംഗ് ഫീസും ബോധവത്കരണ പ്രവർത്തന ചെലവും മാത്രമാണ് കരട് ബിൽ നിയമമാക്കുമ്പോഴുണ്ടാകുന്നത്. കരട് ബിൽ നിയമമായി പ്രാബല്യത്തിൽ വരുമ്പോൾ അനാവർത്തക ചെലവ് ഉണ്ടാകാത്തതിനാലാണ് ഉണ്ടാകുന്ന ആവർത്തക ചെലവുകൾ ഖണ്ഡം സഹിതം വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ ബിൽ അവതരണം മാറ്റിവയ്ക്കേണ്ടതില്ല. ഭാവിയിൽ ഇത്തരം ആവർത്തകമോ അനാവർത്തകമോ ആയ ചെലവുകൾ ഇല്ലെങ്കിൽക്കൂടി അത് വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ : ബിൽ നിയമമാകുമ്പോൾ ഉണ്ടാകുന്ന അനാവർത്തകവും ആവർത്തകവുമായ മതിപ്പുചെലവുകളെ സംബന്ധിച്ച പരാമർശം ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർക്കണമെന്നുതന്നെയാണ് കാണുന്നത്. ഭാവിയിൽ

സർക്കാർ ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

**(നിയമനിർമ്മാണകാര്യം തുടർച്ച)**

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): 2021- ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കടൽമത്സ്യ സമ്പത്തും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങളും സംരക്ഷിക്കുക, ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക

എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനാണ് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ നിയമമായി കൊണ്ടുവരുന്നത്. നോൺ മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾക്ക് ചുമത്തിയിട്ടുള്ള പിഴത്തുക എഞ്ചിൻ കുതിരശക്തികളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ടുള്ള ഭേദഗതിയാണ് നിയമമാക്കുന്നത്.

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ നിയമമായി കൊണ്ടുവന്നിട്ടുള്ളത്.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS) കേരള കാർഷിക സർവ്വകലാശാലയിൽനിന്നും വേർപെട്ട് ഫിഷറീസ് സമുദ്രമേഖല ഗവേഷണത്തിനും പഠനങ്ങൾക്കുമായുള്ള സ്വതന്ത്ര സർവ്വകലാശാലയായി പ്രവർത്തനം ആരംഭിച്ചെങ്കിലും കാലോചിതമായ ഭേദഗതി വരുത്താൻ ഗവേണിംഗ് കൗൺസിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയാണ് കരട് ബില്ലിലെ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. സർവ്വകലാശാല ആക്ടിലെയും സ്റ്റാറ്റ്യൂട്ടിലെയും പല വ്യവസ്ഥകളിലും വൈരുദ്ധ്യം

നിലനിൽക്കുന്നതിനാൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ക്രമീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളത്.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ വരുന്നതോടുകൂടി മത്സ്യമേഖലയിൽ സമൂലമായ മാറ്റങ്ങളുണ്ടാകും. മത്സ്യമാർക്കറ്റുകളിൽ ശുചിത്വവും ആരോഗ്യകരവുമായ ചുറ്റുപാടുകൾ നിലനിർത്തിക്കൊണ്ട് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യം ഉറപ്പാക്കുന്നതിന് മത്സ്യ വിപണന മേഖലയിൽ നിയമപരമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: I move that:- " This house resolves to disapprove The Kerala Fish Auctioning, Marketing and Maintenance of Quality Bill Ordinance, 2021 (Ordinance No.112 of 2021)." മത്സ്യബന്ധനത്തിന് ആധുനിക രീതികൾ കണ്ടെത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം

അവസാനിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം. തീരമൈത്രി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനത്തിന് നടപ്പുവർഷം തുക നീക്കിവയ്ക്കാത്തത് തീരദേശ മേഖലയെ അവഗണിക്കുന്നതിന് തെളിവാണ്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ യന്ത്രവത്ക്കരണത്തിന് നീക്കിവച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കുന്നതിനും ചെറുകിട ഇൻബോർഡ് വള്ളങ്ങൾക്ക് ഇന്ധന സബ്സിഡി നൽകുന്നതിനുമുള്ള പദ്ധതികൾ പ്രാവർത്തികമാക്കണം. ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതും പരിഗണിക്കണം. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. സംസ്ഥാനത്തെ മുഴുവൻ മത്സ്യമാർക്കറ്റുകളും നവീകരിച്ച് ശുചിത്വം ഉറപ്പാക്കുകയും എല്ലാ പഞ്ചായത്തുകളിലും മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുകയും വേണം.

ശ്രീ. അനൂപ് ജേക്കബ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മത്സ്യ സമ്പത്തിലുണ്ടാകുന്ന കുറവ് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോഴും ട്രോളിംഗ് നിരോധന സമയത്തും മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാകണം. അപകടങ്ങളൊഴിവാക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ മത്സ്യബന്ധന ബോട്ടുകളിൽ സ്ഥാപിക്കാനും തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കാനും ഭവന നിർമ്മാണ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാനും ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകൾക്ക് നിയന്ത്രണമേർപ്പെടുത്താനും തീരദേശ മേഖലയിലുള്ള മത്സ്യത്തൊഴിലാളികൾക്ക് പട്ടയം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഇടനിലക്കാരുടെ ചൂഷണം തടയുന്നതിനുള്ള ശ്രമങ്ങളും ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുകയെന്നതും സദുദ്ദേശ്യപരമാണെങ്കിലും ബില്ലിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളെ ഹനിക്കുന്നതും അപ്രായോഗികവും അശാസ്ത്രീയവുമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. പി. ചിത്തരഞ്ജൻ: 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി 30.11.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യമേഖലയിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന കടുത്ത ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനുമാണ് ഈ ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ സാക്ഷ്യപത്രത്തിന്റെ കാര്യത്തിലും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരത്തെ സംബന്ധിച്ച മെമ്മോറാണ്ടത്തിലെ 34 മുതൽ 37 വരെയുള്ള ഖണ്ഡികകളും പുനഃപരിശോധിക്കപ്പെടേണ്ടതാണ്. മത്സ്യബന്ധനത്തിന് പോയി കാണാതാകുന്നവരെ മരണപ്പെട്ടവരായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലയളവ് കുറയ്ക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തൊഴിലാളിക്ക് അടയ്ക്കാനാകാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭ്യമാക്കാനും സമ്പാദ്യ സമാശ്വാസ പദ്ധതിക്കും ഹാർബറുകളുടെ നിർമ്മാണത്തിനും തീരസംരക്ഷണത്തിനും കേന്ദ്രവിഹിതം ലഭ്യമാക്കണം. മത്സ്യസംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുവാനും

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് മുഴുവൻ തുകയും സർക്കാർ സംവിധാനത്തിലൂടെ നൽകാനും പദ്ധതിയുണ്ടാകണം.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ആർ. സുനിൽ കുമാർ: 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന വളർത്തുമത്സ്യകൃഷി പ്രത്യേക ക്ലസ്റ്ററിൽ ഉൾപ്പെടുത്തണം. ട്രോളിംഗ് നിരോധനഘട്ടത്തിലും പ്രതികൂല കാലാവസ്ഥയിലും തൊഴിൽദിനങ്ങൾ കുറയുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനും ആഴക്കടൽ മത്സ്യബന്ധന നയത്തിലെ കുത്തകവത്ക്കരണം തടയാനും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനും തയ്യാറാകണം. മത്സ്യത്തിന് വിലസ്ഥിരത ലഭ്യമാക്കാൻ സംഭരണശാലകൾ ആരംഭിക്കാനും ബാങ്ക്, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവ വഴി ലോൺ ലഭ്യമാക്കാനും ഹൈബ്രീഡ് മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. മത്സ്യവിപണന അവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണം. ബില്ലിന്റെ

പേര് മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും എന്നാക്കി മാറ്റണം. മത്സ്യത്തിന് താങ്ങുവിലയും തറവിലയും നിശ്ചയിച്ച് സംഭരിക്കാനും സംസ്ഥാനതല ഗുണനിലവാര പരിപാലന കമ്മിറ്റിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധിയെ ഉൾപ്പെടുത്താനും നിലവാരം സാക്ഷ്യപ്പെടുത്തുന്ന നടപടിക്രമങ്ങൾ ശാസ്ത്രീയമായും വേഗതയിലും നടത്താനും നടപടി സ്വീകരിക്കണം. സ്വതന്ത്രമായി മത്സ്യം വിൽക്കാനുള്ള അവകാശവും ഇടനിലക്കാരില്ലാതെ മീൻ വിൽപ്പന ഉറപ്പാക്കാനും നിയമത്തിൽ ഭേദഗതി വരുത്തണം. കയറ്റുമതിയും സംഭരണശേഷിയും വർദ്ധിപ്പിക്കുന്നതിനും വള്ളം, വല, എഞ്ചിൻ എന്നിവ ഇൻഷ്വർ ചെയ്യാനുള്ള തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കാനും മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസലിന് പ്രത്യേക സബ്സിഡി അനുവദിക്കാനും മത്സ്യക്കച്ചവടം നടത്തുന്ന വിധവകളായ സ്ത്രീകളുൾപ്പെടുന്ന കുടുംബങ്ങൾക്ക് അന്ത്യോദയ/അന്നയോജന റേഷൻ കാർഡ് നൽകാനും നടപടിയുണ്ടാകണം.

ശ്രീ. സി. ആർ. മഹേഷ്: ഭേദഗതിയെ പിന്താങ്ങുന്നു. കാലാവസ്ഥാ വ്യതിയാനവും കോവിഡ് മഹാമാരിയുംമൂലം മത്സ്യമേഖല ഇന്ന് പ്രതിസന്ധിയിലാണ്. തൊഴിലിടങ്ങളിൽവച്ച് മരണപ്പെടുന്ന

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. ഫിഷറീസ് വകുപ്പ് ലഭ്യമാക്കിയിരുന്ന ഭവന നിർമ്മാണം, ശൗചാലയ നിർമ്മാണം, ഭവന വൈദ്യുതീകരണം തുടങ്ങിയ പദ്ധതികൾ തുടരണം. സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ മത്സ്യലേലം അനുവദിക്കുകയുള്ളൂവെന്നും അല്ലാത്തവ കുറ്റകരവും പിഴയും തടവും ഈടാക്കാവുന്നതുമാണെന്ന ബില്ലിലെ നിർദ്ദേശം പരമ്പരാഗതമായി ചെറുവള്ളങ്ങളിലും തടികളിലും പോയി മത്സ്യബന്ധനം നടത്തി അതേ കരയിൽത്തന്നെ കൊണ്ടുവന്ന് വിൽക്കുന്നവരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. മത്സ്യഫെഡിന്റെ കീഴിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നിയോഗിക്കുന്ന ലേലക്കാർ വഴി മത്സ്യം ലേലം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. ലേല കമ്മീഷൻ തുകയുടെ ഒരു വിഹിതം മത്സ്യത്തൊഴിലാളികൾക്ക് ബോണസ്സായി ലഭിക്കത്തക്ക രീതിയിൽ ബില്ലിൽ ഭേദഗതി വരുത്തണം. മത്സ്യബന്ധന മേഖല കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന മാനേജ്മെന്റ് സൊസൈറ്റികളിലെ കമ്മിറ്റികളിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളിലെ അതാത് പ്രദേശത്തെ പ്രതിനിധികളെക്കൂടി

ഉൾപ്പെടുത്തണം. അപ്രായോഗികവും മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരവുമായ 21-ാം വകുപ്പ് പൂർണ്ണമായും ഒഴിവാക്കണം. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ഹാർബർ സ്ഥിതിചെയ്യുന്ന പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽനിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ എന്ന രീതിയിൽ ഭേദഗതി വരുത്തണം. ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന അംഗീകൃത ട്രേഡ് യൂണിയനിലെ പ്രവർത്തകരെ അംഗങ്ങളായി തെരഞ്ഞെടുക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമായ രീതിയിൽ നിയമം ഭേദഗതി ചെയ്യണം.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: ഭേദഗതിയെ പിന്താങ്ങുന്നു. മത്സ്യത്തൊഴിലാളികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും അവരുടെ ദൈനംദിന ജീവിതത്തെ ഉദ്യോഗസ്ഥ മേധാവിത്വത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്ന ഘടനാപരമായ മാറ്റമാണ് ബിൽ മുന്നോട്ടുവയ്ക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്ന നിയമം ലാഘവത്തോടെ കൈകാര്യം

ചെയ്യുന്നത് പ്രതിഷേധാർഹമാണ്. ലേലത്തുകയുടെ അഞ്ചു ശതമാനത്തിൽ കവിയാത്ത തുക ലേലക്കമ്മീഷനായി നിർണ്ണയിക്കപ്പെടുന്ന തരത്തിൽ സർക്കാരിന് വസൂലാക്കാമെന്ന ബില്ലിലെ 4-ാം വകുപ്പിലെ വ്യവസ്ഥ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കും. ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി, ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി എന്നിവ രൂപീകരിക്കുമ്പോൾ അംഗങ്ങളായി നിയമസഭാ സാമാജികരെ നാമനിർദ്ദേശം ചെയ്യണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. ബില്ലിലെ 19, 20, 21 വകുപ്പുകൾ പുന:പരിശോധിക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്നതിനും തീരദേശ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: I move that- "This House resolves to disapprove The Kerala University of Fisheries and Ocean Studies (Amendment) Ordinance, 2021 (Ordinance No. 109 of 2021)." ഫിഷറീസ് സയൻസിന് മാത്രം പ്രാധാന്യം നൽകുന്ന ബിൽ ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളെ ലഘൂകരിക്കുന്നതാണ്. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പുതിയ ഘടന

സർവ്വകലാശാലയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് പരിമിതിയുണ്ടാക്കും. സെനറ്റ്, ഭരണ നിർവ്വഹണ കൗൺസിൽ, അക്കാദമിക് കൗൺസിൽ തുടങ്ങിയ സമിതികളിൽ അദ്ധ്യാപക പ്രതിനിധി പ്രാധാന്യം കുറയ്ക്കുന്നത് പ്രയോജനകരമാകില്ല. ഫിഷറീസ് സയൻസ് ഫാക്കൽറ്റിയിൽ അദ്ധ്യാപകരായി പരിഗണിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ ഫിഷറിസ് സയൻസ് ബിരുദം അവലംബിക്കുന്നത് യു.ജി.സി. റെഗുലേഷനുകളുടെ ലംഘനമാണ്. അനധികൃത മീൻപിടിത്തം തടയുന്നതിന് മഞ്ചേശ്വരത്ത് ഫിഷറീസ് വകുപ്പിന്റെ ബോട്ട് അനുവദിക്കുന്നതോടൊപ്പം കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനായി നൽകുന്ന തുക 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. മഞ്ചേശ്വരം തുറമുഖത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണം.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബ്ലൂ ഇക്കോണമി നയങ്ങളുടെ ഭാഗമായി മത്സ്യമേഖലയിലുണ്ടാകാൻ പോകുന്ന ഗുരുതര പ്രശ്നങ്ങളെ സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യണം.

ആഴക്കടലിൽ വ്യാപകമായി ഖനനം നടത്തുന്നത് മത്സ്യസമ്പത്തിന് ദോഷകരമാണ്. സാഗർമാല പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് ആശങ്കയുണ്ടാക്കുന്നതാണ്. മത്സ്യമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും കാലാവസ്ഥാ വ്യതിയാനംമൂലം പട്ടിണിയിലായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്നതിനും നടപടിയുണ്ടാകണം. മറൈൻ ആംബുലൻസ്, കോസ്റ്റൽ പോലീസിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനും ഇവയുടെ പ്രവർത്തനങ്ങളിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തിന് ന്യായവില പ്രഖ്യാപിക്കുകയും മത്സ്യലേലം മത്സ്യഫെഡ് മുഖേന നടത്തുകയും വേണം. മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്നവരുടെ കുടുംബത്തിന് സഹായം നൽകുകയും മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കുകയും ചെയ്യണം. ഹരിപ്പാട് മണ്ഡലത്തിലെ ഫിഷ് മീൽ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനും സുനാമി ബാധിതർക്കായി പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൗൺസിലുകളിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം. ഫിഷറീസ് സർവ്വകലാശാലയിലെ പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കണം. സർവ്വകലാശാലാതലത്തിലേയ്ക്ക് ഫിഷറീസ് സർവ്വകലാശാലയെ ഉയർത്തുന്നതിനും നിഷ്പക്ഷവും നീതിപൂർവ്വവുമായി ഭരണനിർവ്വഹണം നടത്തുന്നതിനും സാധിക്കണം. ഓർഡിനൻസിൽ വിവക്ഷിക്കുന്ന ഫിഷറീസ് സയൻസിലൂന്നിയുള്ള അടിസ്ഥാന ഘടനാമാറ്റം യു.ജി.സി., എ.ഐ.സി.റ്റി.ഇ. കോഴ്സുകളുടെ നടത്തിപ്പിനും പുതിയ കോഴ്സുകളുടെ രൂപീകരണത്തിനും ബുദ്ധിമുട്ടുണ്ടാക്കും. ഭരണ നിർവ്വഹണ കൗൺസിൽ, സെനറ്റ്, അക്കാഡമിക് കൗൺസിൽ തുടങ്ങിയ സമിതികളിൽ ഡയറക്ടർ പദവിയിൽ താഴെയുള്ളയാളെ നിയമിക്കുന്നത് ഉചിതമല്ല.

ശ്രീ. എച്ച്. സലാം: 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഫിഷറീസ് മേഖലയിലെ പഠനവും ഗവേഷണവും അക്കാഡമിക് രീതിയിൽ പരിമിതപ്പെടുത്താൻ പാടില്ല. സമുദ്രത്തിലുണ്ടാകുന്ന മാറ്റങ്ങൾ പഠനവിധേയമാക്കുകയും പ്രയോജനപ്പെടുത്തുകയും വേണം. ജലസമ്പത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ഹാച്ചറികളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. സമുദ്രത്തിനുള്ളിലുണ്ടാകുന്ന മലിനീകരണ പ്രശ്നം ഗൗരവമായി കാണണം. ഗവേണിംഗ് കൗൺസിലിൽ ജലകൃഷിയുമായി ബന്ധപ്പെട്ട പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം.

ഡോ. മാത്യു കുഴൽനാടൻ: I move that :- " This House resolves to disapprove The Kerala Marine Fishing Regulation (Amendment) Ordinance, 2021 (Ordinance No.110 of 2021)." മത്സ്യത്തൊഴിലാളി മേഖലയെ ഉദ്ധരിക്കാനും ആകർഷകമാക്കാനും തയ്യാറാകണം. കേരളത്തിലെ പാടശേഖരങ്ങളിൽ മത്സ്യകൃഷി നടത്താനും ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. നിയമലംഘനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ പിഴത്തുക വർദ്ധിപ്പിക്കുകയും ബോട്ടുടമയുടെ പിഴത്തുക കുറയ്ക്കുകയും ചെയ്യുന്ന ബില്ലിലെ വ്യവസ്ഥ പരിശോധിക്കപ്പെടേണ്ടതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 'മത്സ്യബന്ധനത്തൊഴിലാളികൾ' എന്നത് സംബന്ധിച്ച നിർവ്വചനത്തിൽ വ്യക്തത വരുത്തണം. നിലവിലെ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡുകളുള്ളവർക്കുമാത്രമേ യാനങ്ങളിൽ പോകാൻ കഴിയൂ എന്നതിനാൽ പ്രസ്തുത കാർഡില്ലാത്ത ഒരാളെ സഹായിയായി കൊണ്ടുപോകാൻ കഴിയുകയില്ലെന്നത് അപര്യാപ്തതയാണ്. മത്സ്യഫെഡിലെ അംഗത്വം പുതുക്കുന്നതിന് ഉദ്യോഗസ്ഥരുടെ മുന്നിൽ ഹാജരാകണമെന്ന വ്യവസ്ഥയുള്ളതിനാൽ അന്യസംസ്ഥാനങ്ങളിലോ വിദേശത്തോ അതേ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അംഗത്വം നഷ്ടപ്പെടുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വരികയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. ഓരോ മേഖലയിലും അനുവദനീയമായ പരമാവധി യാനങ്ങളുടെ എണ്ണം വലിപ്പമനുസരിച്ച് നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും പ്രതികൂല സാഹചര്യങ്ങളിൽ കടലിൽ പോകാൻ കഴിയാത്തപ്പോൾ ഒഴിവുദിന വേതനം നൽകാൻ തയ്യാറാകുകയും വേണം. പുനർഗേഹം പദ്ധതിയിലെ അപാകതകൾ പരിഹരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറച്ചത്

പരിശോധിക്കുകയും ഭവന നിർമ്മാണ പദ്ധതി പുനരാരംഭിക്കുകയും ചെയ്യണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2017-ലെ നിയമ ഭേദഗതിക്കെതിരെയുള്ള മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഈ ഭേദഗതി ബിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കേണ്ടതാണ്. ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മാർക്കറ്റുകൾ നവീകരിക്കുന്നതിനും ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും കടൽഭിത്തി നിർമ്മാണം ത്വരിതപ്പെടുത്തുകയും വേണം. തീരദേശ മേഖലയെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര നയത്തിനെതിരെ സാധ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ട്രോളിംഗ് നിരോധനവും കോവിഡ് രോഗവ്യാപനവും കാലാവസ്ഥ വ്യതിയാനവും തീരദേശമേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ സൗജന്യമായി നൽകാനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കാനും ഡീസലിനും മണ്ണെണ്ണയ്ക്കും സബ്സിഡി നൽകാനും നടപടി സ്വീകരിക്കണം. 2017-ലെ ഭേദഗതിയിലൂടെ കൊണ്ടുവന്ന പിഴകൾ ലഘൂകരിക്കുകയെന്ന ഉദ്ദേശ്യമാണ് പുതിയ ഭേദഗതി ബില്ലിലുള്ളത്. നിലവിലുണ്ടായിരുന്ന 3 സ്ലാബുകൾ ഭേദഗതിയിലൂടെ 9 ആക്കിയിരിക്കുന്നത് 5 സ്ലാബുകളാക്കി മാറ്റുകയും പിഴത്തുക പകുതിയാക്കുകയും വേണം.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): I move that:- “ This House resolves to disapprove the Kerala Inland Fisheries and Aquaculture (Amendment) Ordinance, 2021 (Ordinance 108 of 2021)” . 'പുനർഗേഹം' പദ്ധതിയിലെ ന്യൂനതകൾ പരിഹരിക്കപ്പെടണം.

മത്സ്യകുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിക്കുന്ന പദ്ധതി പുന:പരിശോധിക്കാനും മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടാനും ഗുണമേന്മയുള്ള മത്സ്യവിത്തുകൾ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ ഭവനപദ്ധതി കാര്യക്ഷമമാക്കുകയും അറ്റകുറ്റപ്പണിക്കുള്ള ധനസഹായം പുന:സ്ഥാപിക്കുകയും വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മത്സ്യസമ്പത്തും ഉൾനാടൻ ജലാശയങ്ങളും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2010-ൽ കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ബിൽ രൂപീകരിച്ചത്. മത്സ്യോല്പാദനം വർദ്ധിപ്പിക്കാനും പുതുതലമുറയെ ആകർഷിക്കാനുമുതകുന്ന വകുപ്പുകൾ ബില്ലിൽ ഉൾപ്പെടുത്തണം. നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുകയും ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ ഹാച്ചറികളും നഴ്സറികളും ഫിഷ് ഫാമുകളും ശക്തിപ്പെടുത്തുകയും മത്സ്യകൃഷി മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും വേണം. മത്സ്യ വിപണന രംഗത്തെ രാസവസ്തുക്കളുടെ ഉപയോഗം തടയാൻ ഫിഷറീസ്, ആരോഗ്യ വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കണം. ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് കർമ്മ പരിപാടി

ആവിഷ്കരിക്കണം. സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നുവെന്ന കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കണം. കായൽ മത്സ്യങ്ങളുടെ പ്രജനനം വർദ്ധിപ്പിക്കുന്നതിന് കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കാനും ഉൾനാടൻ മത്സ്യക്കൃഷിയും അലങ്കാര മത്സ്യക്കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും മുൻകയ്യെടുക്കണം.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഉത്തേജനം പകരുന്നതും പോരായ്മകൾ പരിഹരിക്കാനുതകുന്നതുമായ ബില്ലാണിത്. മത്സ്യോല്പാദനം ഇരട്ടിയാക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളങ്ങളിൽ പൊതുപങ്കാളിത്തത്തോടെ മത്സ്യകൃഷി ആരംഭിക്കുകയും റിസർവ്വോയർ ഫിഷറീസ് പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തത് ശ്രദ്ധേയമാണ്.

മത്സ്യബന്ധനത്തിനുതകുംവിധം കായലുകളും മറ്റും സംരക്ഷിക്കാനും പ്രയോജനപ്പെടുത്താനും സാധിക്കണം. പുഴ, തോട്, കായൽ എന്നിവയുടെ എക്കൽ നീക്കം ചെയ്യുന്നതോടൊപ്പം ആഴവും കൂട്ടണം. ഊന്നുവലകളും ചീനവലകളും ഒഴിവാക്കുകയും പരിസ്ഥിതിക്കനുയോജ്യമായ മത്സ്യവിഭവ-സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലംബിക്കുകയും വേണം. ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളിൽ വേമ്പനാട് കായലിന്റെ പരിധിയിൽ വരുന്ന മണ്ഡലങ്ങളിലെ സാമാജികരെ ഉൾപ്പെടുത്തുന്നതിനും വനിതാ പ്രതിനിധ്യം ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം. ജനകീയ മത്സ്യകൃഷി, 'മത്സ്യസമൃദ്ധി', കൂട് മത്സ്യകൃഷി എന്നീ പദ്ധതികളും തുടരണം. പ്രധാനമന്ത്രി മത്സ്യസമ്പാദന യോജനയുമായി ബന്ധപ്പെട്ട പദ്ധതികൾ തുടരുന്നതിനും മത്സ്യവിത്ത് ക്ഷാമം പരിഹരിക്കുന്നതിനും മത്സ്യകുഞ്ഞുങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും സംവിധാനമുണ്ടാകണം. പൊക്കാളികൃഷി സംരക്ഷിക്കുന്നതിനും അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കുറുക്കോളി മൊയ്തീൻ: 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അന്യസംസ്ഥാനത്തുനിന്ന് വരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. വിലകൂടിയ മത്സ്യങ്ങൾ ഉൽപ്പാദിപ്പിക്കാൻ ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആധുനിക മത്സ്യകൃഷി രീതിയും കോൾഡ് സ്റ്റോറേജ് സംവിധാനവും വ്യാപിപ്പിക്കണം. മത്സ്യങ്ങൾ സംഭരിക്കുന്നതിന് മത്സ്യഫെഡ് മുഖേന സംവിധാനമൊരുക്കുകയും ന്യായവില ലഭ്യമാക്കുകയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മത്സ്യങ്ങളെ കൈകാര്യം ചെയ്യാനാവശ്യമായ പരിശീലനം നൽകുകയും വംശനാശം നേരിടുന്ന മത്സ്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യണം. മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കപ്പെടണം. പൊതുജലാശയങ്ങളിൽ ആറ് മീറ്ററിൽ കൂടുതൽ വായ്‌വട്ടമുള്ള ഊന്നുവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, ഒരു പാലത്തിന്റെ ഇരുവശങ്ങളിലുമായി 25 മീറ്റർ വരെയുള്ള ദൂരപരിധിയിൽ ഒരു ജലാശയത്തിലെ മത്സ്യസഞ്ചാരം

തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള മത്സ്യബന്ധനം, പൊതുജലാശയത്തിന്റെ വീതിയുടെ 25 ശതമാനത്തിൽ കൂടുതൽ ഭാഗം തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള മത്സ്യബന്ധനം എന്നിവ പാടുള്ളതല്ലെന്നും ബില്ലിൽ ഭേദഗതി വരുത്തണം. ഊന്നുവലകൾക്കും ചീനവലകൾക്കും കരമടയ്ക്കുന്ന വ്യവസ്ഥയിൽ പട്ടയം അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായിരിക്കണം പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ചെയർപേഴ്സണെന്നും, ബന്ധപ്പെട്ട നിയമസഭാ സാമാജികരോ, പ്രതിനിധികളോ കൗൺസിലിൽ അംഗമാകണമെന്നുമുള്ള ഭേദഗതി വരുത്തണം. സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ ഉൾനാടൻ ജലമേഖലയിൽനിന്നുള്ള മൂന്ന് നിയമസഭാ സാമാജികർ അംഗങ്ങളും അവരിലൊരാൾ എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്നും മറ്റൊരാൾ വനിതയുമായിരിക്കണം. തിരൂർ നിയോജകമണ്ഡലത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുന്നതിനും മത്സ്യക്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): അംഗങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ കേരളത്തിന് പ്രതീക്ഷിച്ച വർദ്ധന കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സമുദ്ര-ഉൾനാടൻ ജലാശയങ്ങളിലെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യവ്യവസായത്തിൽ വൻസാമ്പത്തിക മേന്മയുണ്ടാക്കുമെന്നതാണ് ബില്ലിന്റെ അടിസ്ഥാന ലക്ഷ്യം. മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വിലയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സഹായത്തോടെ മത്സ്യത്തിന്റെ ഗുണനിലവാരവും ഉറപ്പാക്കി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതാണ്. ഫിഷ് ലാൻഡിംഗ് സെന്ററുകളിലും ഹാർബറുകളിലും മത്സ്യസംഭരണത്തിനുള്ള സൗകര്യങ്ങളേർപ്പെടുത്തുന്നതും ലേലക്കിഴിവ് സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾ ചൂഷണത്തിന് വിധേയമാകുന്നത് തടയുന്നതുമാണ്. മത്സ്യഫെഡിന് കീഴിലുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നുള്ള മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കുന്നതാണ്. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ മത്സ്യങ്ങളെയും അവയുടെ പ്രജനനത്തെയും ബാധിക്കുന്നതും മത്സ്യം കേട്ടുകൂടാതെ

സൂക്ഷിക്കാനുള്ള സുരക്ഷിതമാർഗ്ഗങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ചും ഗവേഷണം നടത്തേണ്ടതുണ്ട്. സമുദ്രപഠനത്തിനുവേണ്ടിയുള്ള പ്രസ്തുത സർവ്വകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഭേദഗതികളാണ് ഈ ബില്ലിൽ വിഭാവന ചെയ്തിട്ടുള്ളത്. കണ്ണൂർ, കൊല്ലം ജില്ലകളിൽ സർവ്വകലാശാലയുടെ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനം കടൽത്തീരഗ്രാമം നവീകരിക്കുന്നതിന് സമഗ്രപദ്ധതി ആരംഭിച്ചിട്ടുണ്ട്. നിയമം പാസ്സാകുന്നതോടെ സർവ്വകലാശാലയുടെ അധികാരം വികേന്ദ്രീകരിക്കുന്നതുൾപ്പെടെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ അടിമുടി പരിഷ്കരിക്കാനാകും. 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിൽ മത്സ്യസമ്പത്ത് സംരക്ഷണം, ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യസംരക്ഷണം എന്നിവയ്ക്ക് പുറമെ മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും നിയന്ത്രണവും ഉൾപ്പെടുത്തുന്നു. നിയമലംഘനങ്ങൾക്ക് ഏർപ്പെടുത്തിയ പിഴ കൂടുതലാണെന്ന പരാതിയിന്മേൽ എൻജിൻ ശക്തിയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. കടലിലൂടെയുള്ള ഭീകരാക്രമണം തടയുന്നതിന് കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള തീരസംരക്ഷണ സേനകൾ

ജാഗരൂകരാണ്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനവേളയിൽ ബയോമെട്രിക് ഐ.ഡി. അല്ലെങ്കിൽ ആധാർ കാർഡ് കരുതേണ്ടതാണ്. മത്സ്യബന്ധന യാനങ്ങളെയും തൊഴിലാളികളെയും സംബന്ധിച്ച് കൃത്യമായ വിവരം ലഭിക്കുന്ന രീതിയിലാണ് ബില്ലിൽ ഭേദഗതി വരുത്തുന്നത്. പരിസ്ഥിതി അധിഷ്ഠിത മത്സ്യവിഭവ സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലംബിക്കുന്നതിന് 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അക്വാകൾച്ചർ മേഖലയിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ഉത്തരവാദിത്തപരമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ജനപ്രതിനിധികൾ/അക്വാകൾച്ചർ വിദഗ്ദ്ധർ/മത്സ്യകർഷകർ/ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസികൾ രൂപീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികളിലായി 11,500 കോടി രൂപ വകയിരുത്തിയ സർക്കാർ തീരദേശ മേഖലയിലെ സുസ്ഥിര വികസനം ലക്ഷ്യമിട്ടാണ് ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലുകൾ വിഷയ നിർണ്ണയ സമിതിയുടെ

പരിഗണനയ്ക്കയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയങ്ങൾ സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാത്രി 9.54-ന് പിരിഞ്ഞു.

*****